# മെറിറ്റ് അവാർഡിന് അപേക്ഷിക്കുന്നവർക്കുള്ള നിർദേശങ്ങൾ

1. കേരള മദ്രസ്സ അദ്ധ്യാപക ക്ഷേമനിധിയിൽ അംഗത്വമെടുത്ത് 2 വർഷം പൂർത്തിയാവുകയും അംഗത്വ വിഹിതം മുടങ്ങാതെ അടച്ചു വരികയും ചെയ്യുന്ന അംഗങ്ങളുടെ കുട്ടികൾക്ക് 2020 - 2021 അധ്യയന വർഷത്തിൽ sslc / +2 / തത്തുല്യ പരീക്ഷകളിൽ എല്ലാ വിഷയത്തിലും A+ നേടിയിട്ടുണ്ടെങ്കിൽ ഈ ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്

2. www.kmtboard.in എന്ന വെബ്സൈറ്റ് വഴി മാത്രമേ അപേക്ഷ സ്വീകരിക്കുകയുള്ളു

3. അപേക്ഷിക്കുന്നതിന് ആവശ്യമായി വരുന്ന രേഖകൾ .
   എ . ക്ഷേമനിധി അംഗത്വ കാർഡ്
   ബി . ആധാർ കാർഡ്
   സി . ബാങ്ക് അക്കൗണ്ട് ബുക്ക്
   ഡി . ക്ഷേമനിധി വിഹിതം അവസാനം അടച്ചതിന്റെ രശീതി
   ഇ . വിദ്യാർത്ഥിയുടെ യോഗ്യതാ പരീക്ഷയുടെ റിസൾട്ട്

4. ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്ത വർഷവും മാസവും ക്ഷേമനിധിയിൽ നിന്നും അംഗത്വം അനുവദിച്ചു അയച്ചു തന്നിട്ടുള്ള ഉത്തരവിൽ നിന്നും ലഭിക്കുന്നതാണ്

5. ക്ഷേമനിധി അംഗത്തിന്റെ ബാങ്ക് അക്കൗണ്ടാണ് കൊടുക്കേണ്ടത്. മറ്റു കുടുബാംഗങ്ങളുടെയോ സുഹൃത്തുക്കളുടെയോ ബാങ്ക് അക്കൗണ്ടിലേക്ക് ധനസഹായം നൽകുവാൻ കഴിയുകയില്ല

6. ബാങ്ക് അക്കൗണ്ട് പാസ്ബുക്ക് ഇല്ലാത്തവർ അക്കൗണ്ട് നമ്പർ രേഖപ്പെടുത്തിയിട്ടുള്ള ചെക്ക് ന്റെയോ അക്കൗണ്ട് നമ്പർ രേഖപ്പെടുത്തിയ ഓൺലൈൻ ബാങ്കിന്റെയോ ഫോട്ടോ നൽകാവുന്നതാണ്

7. അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന ഫോട്ടോസ് വ്യക്തത ഉള്ളതായിരിക്കണം. അവ്യക്തമായ അപേക്ഷകൾ നിരസിക്കുന്നതായിരിക്കും

8. ഫോട്ടോയുടെ സൈസ് 200kb യിലും കൂടുന്നത് അപേക്ഷ സമർപ്പിക്കുവാൻ വിഷമമുണ്ടാക്കുന്നതാണ്. jpg ഫോർമാറ്റിലുള്ള ഫോട്ടോസ് മാത്രമേ സ്വീകരിക്കുവാൻ കഴിയൂ
9. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 31/ 08 / 2021 ആണ്